# STD - X

## അദ്ധ്യാപക സഹായി

## പാഠം – ആറ്  യുവജനങ്ങളും കൗദാശിക ജീവിതവും   ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവജനം പ്രത്യേകിച്ച് യുവജനങ്ങൾ കൂദാശകളിലൂടെ ദൈവം നൽകുന്ന വരപ്രസാദത്തിലൂടെ ജീവിതം ക്രമീകരിച്ച് ക്രിസ്തുവിന്റെ സജീവ സാക്ഷികളായി മാറണം.

ക്രിസ്തു സ്ഥാപിച്ചതും സഭയിലൂടെ പരികർമ്മം ചെയ്യുന്നതുമായ കൂദാശകൾ അനുദിനം സ്വീകരിച്ച് വിശുദ്ധിയിൽ വളരുകയും ഈശോയ്ക്കു സാക്ഷ്യം വഹിക്കുകയും നിത്യരക്ഷ പ്രാപിക്കുകയും ചെയ്യും

### പഠനസഹായികൾ

* എന്റെ കഥ  വീഡിയോ (Safe Catechism, Valluvally)
* കൂദാശകളുടെ ചിത്രങ്ങൾ
* മനുഷ്യജീവിത്തിലെ സുപ്രധാനമായ എല്ലാ കാലഘട്ടങ്ങളും കൂദാശകളുമായി ബന്ധപ്പെട്ടിരിക്കുന്നു – ചാർട്ട് Page - 63
*. വചനം – വി.യോഹ 9:6–7
* CCC - 1147, CCC - 1148, CCC - 1140

### പാഠത്തിന്റെ ഉള്ളടക്കം

* ഭൂമിയിലെ സൃഷ്ട വസ്തുക്കളിൽ ദൈവ മഹത്വം നാം ദർശിക്കുന്നു. അതിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നു.
* അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ദൈവജനത്തെ നന്മയിലേക്ക് നയിക്കുന്നു.
* കൂദാശ എന്നാൽ എന്താകുന്നു? എത്ര കൂദാശകൾ?
* അടയാളങ്ങൾ കൊണ്ടും പ്രതീകങ്ങൾ കൊണ്ടും നെയ്യപ്പെട്ടതാണ് ഈശോ സ്ഥാപിച്ച കൂദാശകൾ.  അവ യാഥാർഥ്യങ്ങൾ സൂചിപ്പിക്കുകയും അവയെ സന്നിഹിതമാക്കുകയും ചെയ്യുന്നു.
* ഈ ലോകജീവിതം കൗദാശിക ആഘോഷങ്ങളിലൂടെ സഭ വിശുദ്ധീകരിക്കുന്നു.
* കൂദാശകളിലൂടെ പരിശുദ്ധാത്മാവ് നമ്മളിൽ പ്രവർത്തിക്കുന്നു.

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ കൂദാശകൾ അനുദിനം സ്വീകരിച്ചു കൊണ്ടുള്ള ഒരു ജീവിതശൈലി രൂപപ്പെടുത്തുവാൻ വേണ്ട കൃപകൾ ഞങ്ങൾക്ക് നൽകി അനുഗ്രഹിക്കേണമേ.

# STD - X

## അദ്ധ്യാപക സഹായി

## പാഠം – ആറ്  യുവജനങ്ങളും കൗദാശിക ജീവിതവും   ഭാഗം – രണ്ട്

### ലക്ഷ്യം

ദൈവജനം പ്രത്യേകിച്ച് യുവജനങ്ങൾ കൂദാശകളിലൂടെ ദൈവം നൽകുന്ന വരപ്രസാദത്തിലൂടെ ജീവിതം ക്രമീകരിച്ച് ക്രിസ്തുവിന്റെ സജീവ സാക്ഷികളായി മാറണം.

ക്രിസ്തു സ്ഥാപിച്ചതും സഭയിലൂടെ പരികർമ്മം ചെയ്യപ്പെടുന്നതുമായ കൂദാശകൾ അനുദിനം സ്വീകരിച്ച് ഞാൻ വിശുദ്ധിയിൽ വളരുകയും ഈശോയ്ക്ക് സാക്ഷ്യം വഹിക്കുകയും നിത്യരക്ഷ പ്രാപിക്കുകയും ചെയ്യും.

### പഠനസഹായികൾ

* എന്റെ കഥ  വീഡിയോ (Safe Catechism, Valluvally)
* കൂദാശകളുടെ ചിത്രങ്ങൾ
* മനുഷ്യജീവിതത്തിലെ സുപ്രധാനമായ എല്ലാ കാലഘട്ടങ്ങളും കൂദാശകളമായി ബന്ധപ്പെട്ടിരിക്കുന്നു – ചാർട്ട് Page 63
* വചനം – വി.യോഹ 9:6–7

### പാഠത്തിന്റെ ഉള്ളടക്കം

* കൗദാശിക ജീവിതം വിശ്വാസികളെ രക്ഷയിലേക്ക് നയിക്കുന്നു. യേശുവുമായി നമ്മെ ഒന്നിപ്പിക്കുന്നു.
* വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്.
* വിവിധ കൂദാശകളിലൂടെ വിവിധ സന്ദർഭങ്ങളിൽ വിവിധ കൃപാവരങ്ങൾ ലഭിക്കുന്നു.
* ലഭിക്കുന്ന കൃപാവരത്തിന്റെ അടിസ്ഥാനത്തിൽ കൂദാശകൾ മൂന്ന് ഗണങ്ങൾ. (1) പ്രാരംഭ കൂദാശകൾ (2) സൗഖ്യദായകകൂദാശകൾ (3)കൂട്ടായ്മയുടെ കൂദാശകൾ.
* മനുഷ്യജീവിതത്തിലെ വ്യത്യസ്ത കാലഘട്ടം അവയ്ക്ക് അനുസൃതമായി സ്വീകരിക്കേണ്ട കൂദാശകൾ. (ചാർട്ട് ഉപയോഗപ്പെടുത്താം)
* കൂദാശകൾ, അടയാളങ്ങൾ, കാർമികൻ, ഫലങ്ങൾ

### പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, മാമ്മോദീസായിലൂടെ ഞങ്ങൾക്ക് ലഭിച്ച വരപ്രസാദം മറ്റു കൂദാശകൾ സ്വീകരിച്ചുകൊണ്ട് ഈശോയിൽ നിലനില്ക്കുവാൻ വേണ്ട വരദാനങ്ങൾ ഞങ്ങൾക്ക് നൽകി അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. കൂദാശ എന്നാൽ എന്ത്? ഏഴു കൂദാശകളെ മൂന്നായി തരം തിരിക്കാം.ഏതൊക്കെ യാണ്?
2. കൂദാശകളുടെ പൊതുവായ ലക്ഷ്യം എന്തൊക്കെ?
3. സൗഖ്യദായക കൂദാശകൾ ഏവ? ഈ കൂദാശ സ്വീകരിക്കുന്നതിലൂടെ ഒരു വ്യക്തിക്ക് എന്ത് ലഭിക്കുന്നു.
4. മാമ്മോദീസ സ്വീകരിച്ച ഒരു കുട്ടിക്ക് എന്ത് മാറ്റമാണ് സംഭവിക്കുന്നത്?
5. നമ്മൾ നിരന്തരം സ്വീകരിക്കേണ്ട കൂദാശകൾ ഏതൊക്കെ? അവയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.